(5) മോബൈൽ ഫോൺ സന്ദേശങ്ങളിലൂടെ അപേക്ഷകളുടെ സ്ഥിതിവിവരം പൊതുജനത്തെ അറിയിക്കുന്ന 'മോബൈൽ ഗവേണൻസ്' സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(6) പൊതുജനങ്ങൾക്ക് വകുപ്പിന്റെ സേവനങ്ങളുടെ ഫീസും വാഹന നികുതിയും സ്വന്തം ബാങ്ക് അക്കൗണ്ട്വഴിഓൺലൈൻ നിലൂടെ അടയ്ക്കാനുള്ള 'ഇ-പെയ്മെന്റ്' സംവിധാനം നടപ്പിൽ വരുത്തുന്നതാണ്.

(7) ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും സ്മാർട്ട് കാർഡിലൂടെ നൽകൽ.

(8) മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റായ www.keralamvd.gov.in-ലൂടെ ഒട്ടേറെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിവരുന്നു.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും നിവാരണ മാർഗ്ഗങ്ങളും

144 (594) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെയും നിവാരണ മാർഗ്ഗങ്ങളെയും കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ പുതിയ പഠനമെന്തെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ടിപ്പർ ലോറികൾമൂലമുള്ള അപകടങ്ങളും അപകടമരണങ്ങളും വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ടിപ്പർ ലോറികൾക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഏതെങ്കിലും പിൻവലിച്ചിട്ടുണ്ടോ ; നിലവിലെ നിയന്ത്രണങ്ങൾ പാലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ;

(ഇ) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളെയും, അപകട മരണങ്ങളെയുംകുറിച്ചുള്ള പ്രതിവർഷ വിവരം നൽകുമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് മോട്ടോർ വാഹന വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ റോഡ് സുരക്ഷാ പ്രവർത്തന പദ്ധതി, കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിക്കുകയും ആയത് അതോറിറ്റിയുടെ പ്രവർത്തന പദ്ധതിയായി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ സംബന്ധിച്ച് നാറ്റ്പാക് രണ്ട് പഠനങ്ങൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഉണ്ട്. കൂടുതൽ ട്രിപ്പുകൾ എടുക്കുന്നതിന് അമിതമായ വേഗതയിൽ ടിപ്പറുകൾ ഓടിക്കുന്നതാണ് അപകടങ്ങൾക്കുള്ള പ്രധാന കാരണം എന്നാണ് നിഗമനം. പരിശീലനമില്ലായ്മയും നിയമലംഘനവും മറ്റ് കാരണങ്ങളാണ്. അതിനാൽ ടിപ്പർ ലോറി ഡ്രൈവർമാർക്ക് നിർബന്ധമായും ട്രെയ്നിംഗ് നൽകാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ടിപ്പർ ലോറികൾക്കായി മോട്ടോർ വാഹന വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ മുഖേനയുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ട കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) ട്രാൻസ്പോർട്ട് കമ്മീഷണറുടെ കണക്കുപ്രകാരം വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അപകടങ്ങൾ	മരണം
2006	41647	3589
2007	39917	3778
2008	37263	3847
2009	35433	3830
2010	34959	3604

വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് നടപടി

145 (595) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളിൽ വേഗത നിയന്ത്രിക്കുന്നതിനുള്ള സ്പീഡ് ബ്രേക്കേഴ്സ് സ്ഥാപിക്കണമെന്നുള്ള ചട്ടത്തിൽ ഇളവ് വരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളിലാണ് സ്പീഡ് ബ്രേക്കേഴ്സ് വേണമെന്ന നിബന്ധനയുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ വേഗത നിയന്ത്രിക്കുന്നതിനുള്ള ഉപകരണം വാഹനങ്ങളിൽ സ്ഥാപിക്കുന്നത് നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) എല്ലാ ടിപ്പർ വാഹനങ്ങളിലും സ്റ്റേജ് കാരേജുകളിലും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളിലും ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly